8. മലപ്പുറം സഹകരണ അർബൻ ബാങ്ക് ക്ലിപ്തം, (യു. എൽ.) നമ്പർ 636, പി. ഒ. മലപ്പുറം.

9. പുലമന്തോൾ പഞ്ചായത്ത് സഹകരണ അർബൻ ബാങ്ക് (യു. എൽ.) എം. 647, പി. ഒ. പുലമന്തോൾ.

10. ഒതുക്കുങ്ങൽ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം, (യു. എൽ.) എം. 648, പി. ഒ. ഒതുക്കുങ്ങൽ.

11. തിരുനാവായ സഹകരണ അർബൻ ബാങ്ക് (യു. എൽ.) ക്ലിപ്തം. എം. 646, തിരുനാവായ.

12. കുളത്തൂർ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം, (യു. എൽ.) എം. 641, കുറുപ്പത്താൽ പി. ഒ.

13. ഏലംകുളം സഹകരണ അർബൻ ബാങ്ക് (യു. എൽ.) നമ്പർ എം. 642, പി. ഒ., കുന്തക്കാവ്.

14. ജനകീയ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം, (യു. എൽ.) എം. 645, കോട്ടയ്ക്കൽ.

15. പേരാമ്പ്ര സഹകരണ അർബൻ ബാങ്ക് ക്ലിപ്തം, ഡി. 2760, പേരാമ്പ്ര പി. ഒ.

16. കട്ടാങ്ങൽ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം, ഡി. 2754, കട്ടാങ്ങൽ പി. ഒ., കോഴിക്കോട്.

നിലമ്പൂർ പട്ടികവർഗ്ഗ സഹകരണ സംഘത്തിൽ സ്ഥിരം സെക്രട്ടറിയെ നിയമിക്കാൻ നടപടി

89 [1414] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ പട്ടികവർഗ്ഗ സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ സംഘത്തിന് സ്ഥിരം സെക്രട്ടറി ഇല്ലാതിരിക്കുകയും സഹകരണ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷനിൽ വന്ന ചില സെക്രട്ടറിമാർ സ്ഥാപനത്തിന്റെ പുരോഗതി ലക്ഷ്യമാക്കാതെ അഴിമതിയും വെട്ടിപ്പും നടത്തിയതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പരാതിയെക്കുറിച്ച് സർക്കാർ നടത്തിയ അന്വേഷണവും തുക ഈടാക്കാൻ കൈക്കൊണ്ട നടപടികളും എന്തെന്ന് വിശദമാക്കാമോ;

(ഡി) നിലമ്പൂർ പട്ടികവർഗ്ഗ സൊസൈറ്റിയിൽ സ്ഥിരം സെക്രട്ടറിയെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ പരിശോധന നടത്തി പ്രവർത്തനം യഥാസമയം വിലയിരുത്തി വരുന്നുണ്ട്.

(ബി) & (സി) ഉണ്ട്. സംഘാംഗങ്ങളായ ശ്രീ. രാമചന്ദ്രൻ മുതൽ 5 പേർ ജില്ലാ കളക്ടർക്ക് നൽകിയ പരാതിയിൻമേൽ അന്വേഷണം നടത്തിയതിൽ സഹകരണ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 5-2-1993 മുതൽ 24-8-1997 വരെ സെക്രട്ടറിയായി ജോലി ചെയ്തു വന്നിരുന്ന ശ്രീ പി. കെ. മുഹമ്മദാലി 1,68,795.59 രൂപയുടെ ക്രമക്കേടുകൾ നടത്തിയതായി ശ്രദ്ധയിൽപ്പെടുകയും പ്രസ്തുത തുക ഈടാക്കാൻ ആർബിട്രേഷൻ കേസ് ഫയൽ ചെയ്യുവാൻ സംഘത്തിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ടി ഉദ്യോഗസ്ഥൻ 31-12-2002-ന് സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തു. 1995-1996 മുതൽ 1997-1998 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയ പ്രകാരമുള്ള 1,68,795.59 രൂപ ശ്രീ. മുഹമ്മദാലിയുടെ ബാദ്ധ്യതയായി കാണിച്ചുകൊണ്ട് ടി സംഘത്തിന്റെ മലപ്പുറം ജില്ലാ ട്രഷറിയിലെ 429-ാം നമ്പർ അക്കൗണ്ടിലേക്ക് ഈടാക്കി നൽകുന്നതിനായി മലപ്പുറം ജില്ലാ ട്രഷറി ഓഫീസർക്ക് നിർദ്ദേശം നൽകി, ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ തീർപ്പാക്കിയിട്ടുണ്ട്. നിലമ്പൂർ പട്ടികവർഗ്ഗ സഹകരണ സംഘത്തിന്റെ സെക്രട്ടറിയായിരുന്ന കാലയളവിൽ ജോലിയിൽ വരുത്തിയ വീഴ്ചയുടെ പേരിലും സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതിനെതിരേയും ശ്രീ. പി. കെ. മുഹമ്മദാലിയുടെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതമല്ലാതെ തടഞ്ഞുകൊണ്ട് ശിക്ഷണ നടപടിയും പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) സ്ഥിരം സെക്രട്ടറിയെ നിയമിക്കേണ്ടത് സംഘം ഭരണ സമിതിയുടെ നയപരമായ കാര്യമായതിനാൽ സംഘം തലത്തിൽ തീരുമാനിക്കേണ്ടതാണ്.

ഡയാലിസിസ് യന്ത്രം

90 [1415] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്, തൃശ്ശൂർ സഹകരണ ആശുപത്രിക്ക് ഡയാലിസിസ് യന്ത്രം വാങ്ങിക്കൊടുത്തതിൽ അഴിമതി നടന്നതായ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ അഴിമതിയെത്തുടർന്ന് തൃശ്ശൂർ സഹകരണ ആശുപത്രി പ്രസിഡന്റും ചില ബോർഡ് അംഗങ്ങളും രാജിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അഴിമതി ആരോപണങ്ങളെക്കുറിച്ച് സമഗ്രാന്വേഷണത്തിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. തൃശ്ശൂർ സഹകരണസംഘം (ജനറൽ) വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിട്ടുണ്ട്. അന്വേഷണം പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly